സി.ജി.(1) 7230/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 3.8.13

സഹകരണസംഘം രജിസ്ട്രാർ
തിരുവനന്തപുരം.

1. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്
   തിരുവനന്തപുരം.

2. ജനറൽ മാനേജർ
   എല്ലാ ജില്ലാ സഹകരണ ബാങ്കുകളും

സർ,

വിഷയം- പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടന്റുമാരാക്കുന്നത്- നബാർഡ് സർക്കുലർ സംബന്ധിച്ച്.

സൂചന- നബാർഡ് എക്സിക്യൂട്ടിവ് ഡയറക്ടറുടെ 22.7.2013 ലെ NB/IDD/ICBC/14/2013-14 നമ്പർ സർക്കുലർ

......................

റിസർവ്വ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരം ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപവും, വായ്പയും, ഓഹരി തുകയും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റാവുന്നതാണെന്നും പ്രാഥമിക സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കാമെന്നും നബാർഡ് അറിയിച്ചിരുന്നു. കേരള സംസ്ഥാന സഹകരണ സംഘം നിയമത്തിലെ വകുപ്പ് 9 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘത്തിന് പൊതു മുദ്രയും, പ്രത്യേക നില നിൽപും പിൻതുടർച്ചാവകാശവും ആസ്തികൾ കൈവശം വയ്ക്കാൻ അധികാരമുണ്ട് ഇപ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ നിക്ഷേപവും വായ്പയും ഓഹരി തുകയും മാത്രമായി അഫിലിയേറ്റ് ചെയ്ത സെൻട്രൽ സഹകരണ സംഘങ്ങൾക്കോ അപ്പക്സ് സഹകരണ സംഘങ്ങൾക്കോ കൈമാറാൻ നിയമ വ്യവസ്ഥയില്ല. ഇപ്രകാരമുള്ള ഒരു നിയമ വ്യവസ്ഥ ഉൾപ്പെടുത്താൻ ഏതെങ്കിലും സാമ്പത്തിക പാക്കേജിന്റെ ഭാഗമായ സംസ്ഥാന സർക്കാർ നബാർഡുമായോ കേന്ദ്ര സർക്കാറുമായോ ധാരണാ പത്രമോ ഉടമ്പടിയോ ഒപ്പ് വയ്ച്ചിട്ടില്ല. ആകയാൽ സംസ്ഥാന സർക്കാരിൽ നിന്നോ സഹകരണ സംഘം രജിസ്ട്രാറിൽ നിന്നോ നിർദ്ദേശം ലഭിക്കുന്നതുവരെ നബാർഡിന്റെ 22.7.13 ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകുന്നു.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്-
കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും. (ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)